പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 4533 | 21/03/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## മായം ചേർക്കൽ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.വി.വിജയദാസ്**<br>**,, എം. നൗഷാദ്**<br>**,, ജോൺ ഫെർണാണ്ടസ്**<br>**,, കാരാട്ട് റസാഖ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | വെളിച്ചെണ്ണ വില വർദ്ധനവിനെ തുടർന്ന്, പെട്രോളിയം ഉപോല്പന്നങ്ങളായ പാരഫിൻ, മെഴുക് ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നത്തിന് ഇടയാക്കുന്ന ഭക്ഷ്യയോഗ്യമല്ലാത്ത പദാർത്ഥങ്ങളും വില കുറഞ്ഞ മറ്റ് എണ്ണകളും ചേർത്ത്, മായം ചേർത്ത വെളിച്ചെണ്ണ വ്യാപകമായി വിൽക്കുന്നുവെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയിരുന്നോ; വിശദാംശം അറിയിക്കാമോ; | എ) | വെളിച്ചെണ്ണയിൽ മായംചേർക്കുന്നു എന്ന വാർത്തയുടെ അടിസ്ഥാനത്തിൽ വിവിധ ജില്ലകളിൽ വെളിച്ചെണ്ണയുടെ സാമ്പിളുകൾ പരിശോധന നടത്തിയതിൽ വിലകുറഞ്ഞ മറ്റു ഭക്ഷ്യ എണ്ണകൾ കലർത്തി വെളിച്ചെണ്ണ വിൽക്കുന്നതായി ക ണ്ടെത്തിയിട്ടുണ്ട്. എന്നാൽ പെട്രോളിയം ഉല്പന്നമായ പാരഫിൻ, മെഴുക് എന്നിവ കലർത്തിയതായി ക ണ്ടെത്തിയിട്ടില്ല. |

**വിശദാംശങ്ങൾ**

| ജില്ല | ഗുണനിലവാരം ഇല്ലാത്തവ/ മിസ്ബ്രാന്റഡ് (എണ്ണം) |
|---|---|
| തിരുവനന്തപുരം | 21 |
| കൊല്ലം | 7 |
| പത്തനംതിട്ട | 11 |
| ആലപ്പുഴ | 3 |
| കോട്ടയം | 26 |
| ഇടുക്കി | 2 |
| എറണാകുളം | 24 |
| തൃശ്ശൂർ | 10 |
| പാലക്കാട് | 23 |
| മലപ്പുറം | 13 |
| കോഴിക്കോട് | 35 |
| വയനാട് | 4 |
| കണ്ണൂർ | 34 |
| കാസറഗോഡ് | 4 |

| | | | |
|---|---|---|---|
| ബി) | സംസ്ഥാനത്തെ ഒട്ടുമിക്ക ആളുകളും പാചകത്തിനായി ഉപയോഗിക്കുന്ന എണ്ണ ഉൾപ്പെടെയുള്ള ആഹാര പദാർത്ഥങ്ങളിൽ മായം കലർത്തുന്നത് ഭയാനകമായ തോതിൽ ആരോഗ്യപ്രശ്നങ്ങൾ വ്യാപിപ്പിക്കുമെന്നതിനാൽ ഇതു തടയാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന് കർശന നിർദ്ദേശം നൽകുമോ; മായം കണ്ടെത്താൻ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കീഴിൽ ആധുനിക സൗകര്യത്തോടെയുള്ള ലബോറട്ടറികൾ എവിടെയെല്ലാമാണുള്ളത്; | ബി) | വെളിച്ചെണ്ണയിൽ മായം കലർത്തുന്നതായും മറ്റ് എണ്ണകൾ ചേർത്ത് വിൽക്കുന്നതായും പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വെളിച്ചെണ്ണയുടെ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കിയപ്പോൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയ 28 ബ്രാൻഡുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരോധിച്ചിട്ടുണ്ട്.<br><br>ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭിച്ച മൂന്ന് അനലിറ്റിക്കൽ ലാബുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിനു കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നു. |
| സി) | ഭക്ഷ്യ സുരക്ഷാ വകുപ്പ് സഞ്ചരിക്കുന്ന ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ ആരംഭിച്ചിട്ടുണ്ടോ; ഇവയുടെ പ്രവർത്തനം വിലയിരുത്തിയിരുന്നോ; വിവിധ തരം ആഹാര പദാർത്ഥങ്ങളിൽ ആരോഗ്യത്തിനു ഹാനികരമായ വസ്തുക്കൾ ചേർക്കുന്നതായി കണ്ടെത്തുന്ന കേസുകളിൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്; കുറ്റ വിചാരണയ്ക്ക് വിധേയമാക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | സി) | ഭക്ഷ്യ സുരക്ഷാ വകുപ്പിനു കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ സഞ്ചരിക്കുന്ന ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്.<br><br>ഇവയുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്.<br><br>നിശ്ചിത ഇടവേളകളിൽ പ്രസ്തുത സഞ്ചരിക്കുന്ന ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ സേവനം 14 ജില്ലകൾക്കും രണ്ട് ദിവസം വീതം ലഭ്യമാക്കുകയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനകൾ നടത്തുകയും പരിശോധയിൽ ന്യൂനതകൾ കണ്ടെത്തിയാൽ തുടർ പരിശോധനകൾക്കായി ടി സാമ്പിളുകൾ അനലിറ്റിക്കൽ ലാബുകളിൽ അയയ്ക്കുകയും ചെയ്യുന്നുണ്ട്.<br><br>ആഹാരപദാർത്ഥങ്ങളിൽ മായം ചേർക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഭക്ഷ്യ സുരക്ഷാ നിയമം 2006 പ്രകാരം അഡ്ജുഡിക്കേഷൻ, പ്രോസിക്യൂഷൻ തുടങ്ങിയ നടപടികൾ സ്വീകരിച്ച് കുറ്റ വിചാരണ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ